ആശുപത്രികളുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ

92 (2368) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മെഡിക്കൽ കോളേജ് ആശുപത്രി മുതൽ പി.എച്ച്.സി വരെയുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന വികസന പ്രവർത്തനത്തിനായി നടത്തിയ പ്രവൃത്തികൾ എന്തൊക്കെയെന്നും അതിനായി എത്ര തുക ചെലവായിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി ഇതുവരെ ചെലവഴിച്ച തുക എത്രയെന്നും ഏതൊക്കെ പദ്ധതി പ്രകാരമെന്നും അറിയിക്കാമോ; ഇതിൽ കേന്ദ്ര സഹായം പ്രത്യേകം അറിയിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2006-07 മുതൽ 2010 വരെയുള്ള കാലയളവിൽ വിവിധ സ്കീമുകൾക്കായി അൻപത്തി ഒൻപതോളം 2210 പ്ലാൻ ശീർഷകങ്ങളിൽ തുക വകയിരുത്തിയിരുന്നു. നിർമ്മാണ പ്രവൃത്തികളും ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയവയാണ് പ്രധാനപ്പെട്ട പ്രവൃത്തികൾ. വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(ബി) 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ 2210 പ്ലാൻ ശീർഷകത്തിൽ (45 എണ്ണം ശീർഷകം) നാൽപ്പത്തി അഞ്ചോളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*. 4210 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക ചെലവഴിക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. ടി ശീർഷകത്തിലെ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചാൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കണക്കിൽ ചെലവഴിച്ചതായി രേഖപ്പെടുത്തുന്നു.

2014-15-ലെയും 2015-16-ലെയും ഒറ്റത്തവണ അധികകേന്ദ്ര സഹായം ലഭിക്കാത്തതിനാൽ ടി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. 2015-2016-ലെ 14 - ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ ടി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കേണ്ട പദ്ധതികളും നടപ്പിലാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly